**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.198 — **23-01-2018** ൽ മറുപടിയ്ക്ക്

# ചാത്തന്നൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ; | എ) | പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച്, സ്ഥലത്തിന്റെ പ്രാധാന്യവും മറ്റ് മാനദണ്ഡങ്ങളും കണക്കിലെടുത്ത് വകുപ്പ് തന്നെ ശാസ്ത്രീയ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ലിസ്റ്റിൽപ്പെടുന്ന ഫയർസ്റ്റേഷനുകൾക്കായി വകുപ്പിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പുതുതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്. |
| ബി) | തിരുവനന്തപുരം - കൊല്ലം ദേശീയ പാതയിൽ ആറ്റിങ്ങലിനും കൊല്ലത്തിനുമിടയ്ക്ക് ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |

| | | |
|---|---|---|
| സി) | ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | **(സി) & (ഡി)**<br>ചാത്തന്നൂർ അഗ്നിരക്ഷാനിലയം സ്ഥാപിക്കുന്നതിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ട ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ റീ സർവ്വേ നം.91/14 ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി വകുപ്പ് മേധാവി ഒപ്പിട്ട അർത്ഥനാപത്രം 30.10.17 ൽ കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) | പാരിപ്പള്ളി ഐ.ഒ.സി. ഗ്യാസ് റീഫില്ലിംഗ് പ്ലാന്റ്, പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളജ് എന്നിങ്ങനെ നിരവധി പ്രധാന സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല എന്ന വസ്തുത പരിഗണിച്ച് ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | |

Deepa

സെക്ഷൻ ഓഫീസർ